

ബെള്ളൂർ
ഗ്രാമ പഞ്ചായത്ത്

ബജറ്റ്
2025 – 2026



ആമുഖം

പ്രിയരെ,

കേരള പഞ്ചായത്ത് രാജ് വകുപ്പ് 214, ബഡ്ജറ്റ് മാന്വൽ സഉ (ആർടി) നം 3291/2016 എൻ.എസ്. ജി.ഡി തീയ്യതി 02- 12 2016 പ്രകാരമുള്ള 2024- 25 ലെ ദീർഘകാല വികസനാവശ്യങ്ങൾ കണക്കിലെടുത്തുള്ള ബഡ്ജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ സാധ്യതയുള്ള എല്ലാ വരവുകൾ ഉൾക്കൊള്ളിച്ച് 1076175 രൂപ നീക്കി ബാക്കിയുള്ളതും, ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ഗ്രാമസഭ, വാർഡ് സഭ, നിർവ്വഹണ ഉദ്യോഗസ്ഥർ, ആസൂത്രണസമിതി അംഗങ്ങൾ എന്നിവയുടെ അഭിപ്രായങ്ങൾ മാനിച്ചുള്ള സമ്പൂർണ്ണ ബഡ്ജറ്റാണ് 2025-2026 ലേക്ക് ഉല്പാദന മേഖല, സേവന മേഖല പശ്ചാത്തല മേഖല, പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം, വനിത ശിശുക്ഷേമം, ചെറുകിട വ്യവസായ പ്രോത്സാഹനം,, കൈമാറിക്കിട്ടിയ ഘടകസ്ഥാപനങ്ങളുടെ സംരക്ഷണം, മരുന്ന് വാങ്ങൽ, ബഡ്സ് സ്കൂൾ പ്രവർത്തനം, ജനകീയ ഹോട്ടലിന് പ്രത്യേക പരിഗണന, ജലനിധി, ഭവനനിർമ്മാണം, ദാരിദ്രലഘൂകരണം, ശുചിത്വം എന്നിങ്ങനെ എല്ലാ മേഖലകളിലും തുകവകയിരുത്തിയിട്ടുണ്ട്.

ഒരു സാമ്പത്തിക വർഷത്തേക്കുള്ള തുക വകയിരുത്തി. ടി തുക സുതാര്യമായി ചെലവഴിക്കുന്നതിനും അതുവഴി ജനങ്ങളുടെ ക്ഷേമവും സാമ്പത്തിക ഉന്നമനം സാമൂഹിക നീതിയും ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. നിർദ്ദിഷ്ട സമയപരിധിക്കും ലക്ഷ്യം നിറവേറ്റുന്നത് വെല്ലുവിളിയാണ്. ആയതിന് എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും സഹകരണം വളരെ അത്യാവശ്യമാണ്. ബഡ്ജറ്റിലൂടെ ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യം, ദൗത്യം, നയം എന്നിവ ഗ്രാമസഭ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ എല്ലാ തലങ്ങളിലും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. പങ്കാളിത്ത ആസൂത്രണത്തിന്റെ ഭാഗമായി വിളിച്ചുചേർക്കുന്ന ഗ്രാമസഭകളിൽ ബഡ്ജറ്റ് വിശദമായി ചർച്ചചെയ്ത് അംഗീകരിക്കുന്നതാണ്.

വിഭവങ്ങളുടെ ലഭ്യതയെ ആസ്പദമാക്കി ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ മുൻഗണനാ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഈ ലക്ഷ്യങ്ങൾ ഒരു സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാൻ സാധിക്കുകയില്ല. അടിയന്തിര മുൻഗണനാ അടിസ്ഥാനമാക്കി ദുർബല വിഭാഗക്കാരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ ഭിന്നശേഷിക്കാർ വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മറ്റു ദുർബല വിഭാഗക്കാർക്ക് പ്രത്യേകം ഊന്നൽ നൽകി തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജെൻഡർ ബഡ്ജറ്റ്, പെർഫോമൻസ് ബഡ്ജറ്റ് കാണാവുന്നതാണ്.

26. 928 ചതുരശ്രമീറ്ററിൽ 13 വാർഡ് ഉൾക്കൊള്ളുന്നതും 2011- ലെ സെൻസസ് പ്രകാരം 10735

ജനസംഖ്യയുള്ളതുമാണ് ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റേത്. പൂർണ്ണമായും കാർഷിക മേഖലയെ ആശ്ര യിച്ച് കഴിയുന്നവരും കൂലിത്തൊഴിലാളികളുമാണ് ബെള്ളൂർ ജനത. ഗ്രാമപഞ്ചായത്തിൽ തൊഴിൽ ശാലകളെ, ടൗണുകളോ, കച്ചവട കേന്ദ്രങ്ങളോ വളരെ കുറവായതിനാൽ തനത് വരുമാനം വളരെ കുറവാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന് സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന പ്ലാൻഫണ്ട്, ജനറൽ പർപ്പ് ഗ്രാന്റ് ജനസംഖ്യാനുപാതികം, ലഭിക്കുന്നില്ല എന്ന് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നു. കൂടാതെ നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഗ്രാന്റു കളുടെ വെട്ടികുറയ്ക്കലും ഗ്രാമപഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാണ്. ഗ്രാമപ ഞ്ചായത്തിന് നിലവിൽ ലഭിക്കുന്ന വിടവ് നികത്തൽ ഫണ്ട് തന്നെ 3ൽ ഒന്നായി വെട്ടിക്കുറച്ച തിനാൽ ജീവനക്കാരുടെ ശമ്പളം, ജനപ്രതിനിധികളുടെ ഹോണറേറിയം, ദിവസേനയുള്ള ചെലവ് നടത്താൻ ബുദ്ധിമുട്ടാക്കുന്നു.

2025 -2026 ബഡ്ജറ്റ് അവലോകനം നടത്തുകയാണെങ്കിൽ ദാരിദ്ര ലഘൂകരമത്തിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, കൂടാതെ ഭവന നിർമ്മാണത്തിന് 26795000 ഉം, കുടിവെള്ള പ്രോജക്ടു കൾക്ക് 70000000 (ഏഴ് കോടി) പുതിയ റോഡ് നിർമ്മാണത്തിനായി 3955144, നെട്ടണിഗെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് 38 ലക്ഷം വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തമൂലം ഹരിതകർമ്മസേന, മാലിന്യനിർമ്മാർജ്ജനം, മൃഗസംരക്ഷണ മേഖലയിൽ വകയിരുത്തിയ ഫണ്ട് കുറവാണ്.

ശ്രീധര. എം.
പ്രസിഡണ്ട്



ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ സാധ്യതയുള്ള എല്ലാ വരവുകളും ചേർന്ന് സമ്പൂർണ്ണ ബഡ്ജറ്റാണ് 2025-26 വർഷത്തേത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുന്നതിനോടൊപ്പം ലഭ്യമാകാൻ സാധ്യതയുള്ള എല്ലാ വരവുകളും പൂർണമായി ലഭ്യമാക്കാനും ശ്രമിക്കും. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കെട്ടിടനികുതി പരിഷ്കരിക്കുന്നതും, തൊഴിൽ നികുതി, ലൈസൻസ് എന്നിവ പൂർണമായും പിരിച്ചെടുക്കും.

പാർപ്പിടം, ദാരിദ്ര്യ ലഘൂകരണത്തിനുന്നി നടപ്പിലാക്കുന്ന ബഡ്ജറ്റാണ് 2025-26ലേത്. ദാരിദ്ര്യ ലഘൂകരണത്തിന് 5 ലക്ഷം പാർപ്പിടത്തിന് 26795000 രൂപയും വകയിരുത്തി സമ്പൂർണ്ണ ഭവനപദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് ലക്ഷ്യമിടുന്നത്. പ്രാദേഷി സാമ്പത്തിക വികസനത്തിന് ലക്ഷ്യമിട്ട്, വനിതാഘടന പദ്ധതിയിൽ 1750000 രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വികസനത്തിന്, സാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുന്ന സ്കോളർഷിപ്പ്, വയോജനക്ഷേമം, അംഗൺവാടി പോഷകാഹാരം, ജനകീയ ഹോട്ടൽ പ്രവർത്തനത്തിന്, സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്. നെട്ടണിഗെ ഇൻഡോർ സ്റ്റേഡിയത്തിന് 38 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

ഗീത. കെ.

വൈസ് പ്രസിഡണ്ട്